## കേരള സർക്കാർ

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയാക്കുകയും നഗരസഭകളോട് കൂട്ടിച്ചേർക്കുകയും ചെയ്തതിനെത്തുടർന്ന് അധികമായി വന്നിട്ടുള്ള ജീവനക്കാരെ തിരികെ മാതൃവകുപ്പിൽ പുന:പ്രവേശിപ്പിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(എം.എസ്)നം.121/2012/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം,05/05/2012.**

---

പരാമർശം:- 1) സ.ഉ(എം.എസ്) നമ്പർ 54/2012/തസ്വഭവ തീയതി 01.03.2012.
2) പഞ്ചായത്ത് ഡയറക്ടറുടെ 23.03.2012 ലെ ഇ12-16686/11 നമ്പർ കത്ത്.

### ഉത്തരവ്

കോർപ്പറേഷനുകളോടും നഗരസഭകളോടും കൂട്ടിച്ചേർത്ത പഞ്ചായത്തുകളിലും, നഗരസഭകളാക്കി മാറ്റിയ പഞ്ചായത്തുകളിലും ജീവനക്കാർ അധികമായി തുടരുന്ന സാഹചര്യത്തിൽ, 41 ശിപായിമാരെ പഞ്ചായത്ത് വകുപ്പിൽ തിരികെ പ്രവേശിപ്പിക്കുവാനും അവരുടെ സേവനം ആവശ്യാനുസരണം വിനിയോഗിച്ച് ഡിസ്പോസ് ചെയ്യുവാനും പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകുകയും ഒഴിവ് വരുന്ന തസ്തികകളിലേയ്ക്ക് അധികമുള്ളവരെ അഡ്ജസ്റ്റ് ചെയ്യാവുന്നതും, അധികമുള്ള മുഴുവൻ ജീവനക്കാരെയും അബ്സോർബ് ചെയ്യുന്നതുവരെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്നും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 ആക്കി ഉയർത്തുകയും ഏകീകരണ നടപടികൾ ഒഴിവാക്കുകയും ചെയ്ത സാഹചര്യത്തിൽ നഗരസഭകളോട് ചേർത്തതും നഗരസഭകളാക്കി ഉയർത്തിയതുമായ ഗ്രാമ പഞ്ചായത്തുകളിൽ തുടരുന്ന ജീവനക്കാരെ പഞ്ചായത്ത് വകുപ്പിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് പുന:പ്രവേശിക്കുന്നതിനും അതുവരെ അവർ ഇപ്പോൾ ജോലി ചെയ്യുന്ന ആഫീസുകളിൽ തുടരാൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം 2 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരമുള്ള പഞ്ചായത്ത് ഡയറക്ടറുടെ അപേക്ഷ പരിഗണിച്ച് നഗരസഭകളോട് ചേർത്തതും നഗരസഭകളാക്കി ഉയർത്തിയതുമായ ഗ്രാമ പഞ്ചായത്തുകളിൽ തുടരുന്ന ജീവനക്കാരെ പഞ്ചായത്ത് വകുപ്പിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് പുനഃപ്രവേശിപ്പിക്കുന്നതിനും അതുവരെ അവർ ഇപ്പോൾ ജോലി ചെയ്യുന്ന ആഫീസുകളിൽ തന്നെ തുടരാൻ അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കെ.പി.ശ്രീകുമാർ**
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ)(ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ